**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5299** **05-07-2024 - ൽ മറുപടിയ്ക്ക്**

**കർഷകരുടെ ഉല്പന്നങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കാൻ നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകരുടെ ഉല്പന്നങ്ങളുടെ വിപണിക്ക് അനുയോജ്യമായ പാക്കേജിംഗും വ്യക്തമായ ബ്രാൻഡിംഗും കൂട്ടിയിണക്കി വിപണന സാധ്യതകൾ വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ കർഷകസംരംഭകർ, കൃഷിക്കൂട്ടങ്ങൾ, FPOകൾ, FPCകൾ, മറ്റ് കർഷകക്കൂട്ടായ്മകൾ എന്നിവർ ഉൽപ്പാദിപ്പിക്കുന്ന ഗുണമേൻമയുള്ള മൂല്യവർധിത ഉത്പ്പന്നങ്ങൾക്ക്, ഒരു ഏകീകൃത ബ്രാൻഡ് നൽകുന്നതിനും, ടി ഉത്പ്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റഫോമുകൾ ഉൾപ്പടെയുള്ള വിപണന സംവിധാനങ്ങൾ വഴി പൊതുജനങ്ങളിൽ എത്തിക്കുന്നതിനും ലക്ഷ്യമിട്ട് "കേരളഗ്രോ" എന്ന പേരിൽ ട്രേഡ്മാർക് തയ്യാറാക്കി ഉത്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>കർഷകരുടെ ഉത്പന്നങ്ങൾക്ക് അനുയോജ്യമായ പാക്കിങ്ങും വിപണന സംവിധാനവും ഒരുക്കുന്നതിന് പരിശീലനം നൽകാൻ മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങുമായി കൃഷിവകുപ്പ് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. കൃഷി വകുപ്പിലെയും അനുബന്ധമേഖലകളിലെയും ഉദ്യോഗസ്ഥർ, കൃഷിക്കൂട്ടങ്ങൾ, FPOകൾ, സ്വയം സഹായ സംഘങ്ങൾ, MSME കൾ, ഡിപ്പാർട്ട്മെൻറ് ഫാം ഓഫീസർമാർ, വിതരണശൃംഖലയിലും മൂല്യശൃംഖലയിലുടനീളമുള്ള സംരംഭകർക്കും നൈപുണ്യശേഷി വർധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുക കൂടാതെ കാർഷിക ഉത്പന്നങ്ങൾക്കായി അനുയോജ്യമായ പാക്കിംഗ് ഓപ്ഷനുകൾ/ സാങ്കേതികവിദ്യകൾ എന്നിവ രൂപകൽപ്പന ചെയ്യുകയും, വികസിപ്പിക്കുകയുമാണ് ഈ കരാറിൻറെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (ബി) | ഇതിനായി പ്രത്യേകമായ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; ഇതിൽ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ കർഷകസംരംഭകർ, കൃഷിക്കൂട്ടങ്ങൾ, FPOകൾ, FPCകൾ, മറ്റ് കർഷകക്കൂട്ടായ്മകൾ എന്നിവർ ഉൽപ്പാദിപ്പിക്കുന്ന ഗുണമേൻമയുള്ള മൂല്യവർധിത ഉത്പ്പന്നങ്ങൾക്ക്, ഒരു ഏകീകൃത ബ്രാൻഡ് |

| | | | |
|---|---|---|---|
| | | | നൽകുന്നതിനും, ടി ഉത്പ്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റഫോമുകൾ ഉൾപ്പടെയുള്ള വിപണന സംവിധാനങ്ങൾ വഴി പൊതുജനങ്ങളിൽ എത്തിക്കുന്നതിനും ലക്ഷ്യമിട്ട് "കേരളഗ്രോ" എന്ന പേരിൽ ട്രേഡ്മാർക് തയ്യാറാക്കി ഉത്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>കർഷകരുടെ ഉത്പന്നങ്ങൾക്ക് അനുയോജ്യമായ പാക്കിങ്ങും വിപണന സംവിധാനവും ഒരുക്കുന്നതിന് പരിശീലനം നൽകാൻ മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങുമായി കൃഷിവകുപ്പ് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. കൃഷി വകുപ്പിലെയും അനുബന്ധമേഖലകളിലെയും ഉദ്യോഗസ്ഥർ, കൃഷിക്കൂട്ടങ്ങൾ, FPOകൾ, സ്വയം സഹായ സംഘങ്ങൾ, MSME കൾ, ഡിപ്പാർട്ട്മെൻറ് ഫാം ഓഫീസർമാർ, വിതരണശൃംഖലയിലും മൂല്യശൃംഖലയിലുടനീളമുള്ള സംരംഭകർക്കും നൈപുണ്യശേഷി വർധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുക കൂടാതെ കാർഷിക ഉത്പന്നങ്ങൾക്കായി അനുയോജ്യമായ പാക്കിംഗ് ഓപ്ഷനുകൾ/ സാങ്കേതികവിദ്യകൾ എന്നിവ രൂപകൽപ്പന ചെയ്യുകയും, വികസിപ്പിക്കുകയുമാണ് ഈ കരാറിൻറെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) | ഇതിലൂടെ കർഷകർക്കും, കാർഷിക മേഖലയ്ക്ക് പൊതുവിലും എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്തെ കർഷകസംരംഭകർ, കൃഷിക്കൂട്ടങ്ങൾ, FPOകൾ, FPCകൾ, മറ്റ് കർഷകക്കൂട്ടായ്മകൾ എന്നിവർ ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള മൂല്യവർധിത ഉത്പ്പന്നങ്ങൾക്ക് രാജ്യാന്തര നിലവാരത്തിൽ വിപണി കണ്ടെത്തി കൂടുതൽ ഉപഭോക്താക്കളിലേക്ക് കേരളത്തിലെ ഉൽപ്പനങ്ങൾ എത്തിക്കുന്നതിനും, അത് വഴി കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും "Keralagro" ബ്രാൻഡിംഗ് വഴി സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ